നമ്പർ-41/16/എസ്.

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം, 19/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

വിഷയം:-2016-17 കൊട്ടാരക്കര ഗ്രൂപ്പിനുള്ളിലെ ഫുൾടൈംശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന:-ശാന്തിക്കാരുടെ അപ്പീൽ അപേക്ഷകൾ.

2016-17-ലെ കൊട്ടാരക്കര ഗ്രൂപ്പിനുള്ളിൽ നടപ്പിലാക്കിയ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റത്തിന്മേൽ ലഭിച്ചിട്ടുള്ള അപ്പീൽ അപേക്ഷകളിൽ ചുവടെ വിവരിക്കും പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്.

1. ശ്രീ.വി.രമേശ് കുമാർ.

ആവശ്യപ്പെട്ട ദേവസ്വങ്ങൾ തത്തമംഗലം,ഭരണിക്കാവ്,കൊക്കംകാവ് എന്നീ ക്രമത്തിലാണ്. ടിയാൻ ആവശ്യപ്പെട്ട ഒന്നാമത്തെ ചോയ്സിലേയ്ക്ക് ഒരു വർഷം മാത്രം സ്റ്റേഷൻ സീനിയോറിറ്റി ഉള്ള ചടയമംഗലം ദേവസ്വം ശാന്തി ശ്രീ.എസ്.മാധവൻ പോറ്റിയെയാണ് പരിഗണിച്ചതെന്നും അപ്പീലിൽ ബോധിപ്പിക്കുന്നു.

ശ്രീ.രമേശ് കുമാർ,തത്തമംഗലം ദേവസ്വത്തിലേയ്ക്ക് മാറ്റിയിട്ടുള്ള ശ്രീ.എസ്.മാധവൻ പോറ്റിയെക്കാൾ സീനിയറായതിനാൽ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാൻ ആവശ്യപ്പെട്ട തത്തമംഗലം ദേവസ്വം ശാന്തിയായും, ടി ദേവസ്വം ശാന്തി ശ്രീ.എസ്.മാധവൻ പോറ്റിയെ ഒഴിവുള്ള കൊക്കംകാവ് ദേവസ്വത്തിലേയ്ക്കും സ്ഥലംമാറ്റിയും ഉത്തരവാകുന്നു.

2. ശ്രീ.റ്റി.നാരായണൻ പോറ്റി.

ആവശ്യപ്പെട്ട ദേവസ്വങ്ങൾ പി.ഡി.പട്ടാഴി-വടക്കേനട,കുലശേഖരനല്ലൂർ, ഭരണിക്കാവ്-എന്നീ ക്രമത്തിലാണ്. പട്ടാഴി ദേവസ്വത്തിലേയ്ക്ക് ടിയാനേക്കാൾ സർവ്വീസ് സീനിയോറിറ്റിയും സ്റ്റേഷൻ സീനിയോറിറ്റിയും കുറഞ്ഞ ആളെയാണ് പരിഗണിച്ചതെന്ന് അപ്പീൽ അപേക്ഷയിൽ ബോധിപ്പിക്കുന്നു.

ശ്രീ.റ്റി.നാരായണൻ പോറ്റി ജോലിനോക്കിവരുന്ന ദേവസ്വത്തിൽ മൂന്നു വർഷം പൂർത്തിയാകാത്തതിനാലും ടിയാൻ ആവശ്യപ്പെട്ട പട്ടാഴി വടക്കേനട ശാന്തി, ശ്രീ.വിനോദ് കുമാറിന്റെ 2015-ലെ പൊതു സ്ഥലംമാറ്റത്തെ തുടർന്നുള്ള സ്റ്റേ നിലനില്ക്കുന്നതിനാലും നാരായണൻ പോറ്റിയുടെ അപേക്ഷ നിരസിക്കുന്നു.

3. ഇ.കൃഷ്ണൻപോറ്റി

2016-ലെ പൊതുസ്ഥലംമാറ്റത്തിൽ പി.ഡിമണികണ്ഠേശ്വരം ദേവസ്വം കീഴ്ശാന്തിയായി അപേക്ഷ ഹാജരാക്കിയെങ്കിലും ടിയാനെ പരിഗണിച്ചില്ലാ യെന്നാണ് അപ്പീലിൽ ബോധിപ്പിക്കുന്നത് .

ശ്രീ.ഇ.കൃഷ്ണൻപോറ്റി ആവശ്യപ്പെട്ടിരുന്ന പി.ഡിമണികണ്ഠേശ്വരം ദേവസ്വം കീഴ്ശാന്തിയ്ക്ക് മൂന്നു വർഷം പൂർത്തിയാകാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിക്കുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ.

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്-1.അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊട്ടാരക്കര.
2.സെക്ഷൻ ഫയൽ
3. EDP സെക്ഷൻ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 40/16/മിസ്.സി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- കൊട്ടാരക്കര ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.
സൂചന :- കുലശേഖരനല്ലൂർ ഗ്രേഡ് 2 ദേവസ്വം കഴകം ശ്രീ.കെ. ഗോപകുമാറിന്റെ അപ്പീൽ അപേക്ഷ.

ശ്രീ.കെ. ഗോപകുമാർ (കുലശേഖരനല്ലൂർ ഗ്രേഡ് 2 ദേവസ്വം)

ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ പി.ഡി.മണികണ്ഠേശ്വരം ദേവസ്വം ആവശ്യപ്പെട്ടിരുന്നെന്നും പരിഗണിച്ചിട്ടില്ലായെന്നും ആകയാൽ ടി ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകണമെന്നുമാണ് അപ്പീൽ അപേക്ഷയിലെ ആവശ്യം.

ടിയാൻ മുമ്പ് ടി ദേവസ്വത്തിൽ ജോലി നോക്കിയിട്ടുള്ളതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ചുത്തരവാകുന്നു.
ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊട്ടാരക്കര.
2. സെക്ഷൻഫയൽ.
3. ഫെയർ ആഫീസ് കോപ്പി.
4. EDP section